ഐ.ടി.ഐ. കളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് പദ്ധതി

231 (4517) ശ്രീ. ജോസഫ് വാഴയ്ക്കൻ :

ശ്രീ. കെ. അച്ചുതൻ :

ശ്രീ. പി. എ. മാധവൻ :

ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അക്കാഡമി ഫോർ സ്കിൽഡ് എക്സലൻസ് വഴി സംസ്ഥാനത്തെ ഐ.ടി.ഐ.കളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം സ്ഥാപനങ്ങളാണ് പദ്ധതി നടത്തിപ്പുമായി സഹകരിച്ചിട്ടുള്ളത്;

(ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് വഴി സംസ്ഥാനത്തെ ഐ.ടി.ഐ. കളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള പദ്ധതികൾക്ക് രൂപം നൽകി വരുന്നു. ഐ.ടി.ഐ. കളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്കുയർത്തുന്നതിനുള്ള Detailed Project Report (DPR) തയ്യാറാക്കിവരുന്നു.

(ബി) നിലവിലുള്ള ഐ.ടി.ഐ. കളെ നവീകരിച്ച് അന്താരാഷ്ട്ര നിലവാരത്തിലെത്തിക്കുക വഴി മാനവവിഭവശേഷി വർദ്ധിപ്പിക്കാനുതകുന്ന പരിശീലനം നൽകി, ഐ.ടി.ഐ. യിൽ ട്രെയിനിംഗ് കഴിഞ്ഞിറങ്ങുന്ന ട്രെയിനികൾക്ക് തൊഴിൽസാധ്യതയും തൊഴിൽലഭ്യതയും വർദ്ധിപ്പിക്കുക എന്നതാണ് പ്രസ്തുത പദ്ധതിയുടെ പ്രധാന ഉദ്ദേശ്യലക്ഷ്യം.

(സി&ഡി) ഐ.ടി.ഐ. കളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് എത്തിക്കുന്നതിനുള്ള Detailed Project Report (DPR) തയ്യാറാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly